**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 662** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>ഗോത്രബന്ധു പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. സി. മൊയ്തീൻ

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ
വകുപ്പ് മന്ത്രി)

**(എ)** ഗോത്രബന്ധു പദ്ധതി നടപ്പ് അദ്ധ്യയന വർഷം നടപ്പിലാക്കാത്തത് മൂലം പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ പഠനത്തെ സാരമായി ബാധിച്ചിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഗോത്രബന്ധു പദ്ധതി പ്രകാരം മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ ഈ അധ്യയന വർഷാരംഭത്തിൽ തന്നെ സർക്കാർ ആരംഭിച്ചിട്ടുണ്ട്. ഓരോ വിദ്യാലയങ്ങളിലുമുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായാണ് മെന്റർ ടീച്ചർമാരെ നിയമിക്കേണ്ടത്. ഈ കണക്കെടുപ്പുമായി ബന്ധപ്പെട്ടും നിയമന നടപടിക്രമങ്ങളുമായി ബന്ധപ്പെട്ടുമുള്ള സ്വാഭാവികമായ കാലതാമസം മാത്രമാണ് നിലവിലുണ്ടായിട്ടുള്ളത്.

ഇത് വിദ്യാർത്ഥികളുടെ പഠനത്തെ യാതൊരു വിധത്തിലും ബാധിക്കാതിരിക്കാൻ നിയമന നടപടികൾ ദ്രുതഗതിയിൽ പൂർത്തിയാക്കി വരികയാണ്. 2026-27 അധ്യയന വർഷത്തിൽ പദ്ധതി കാര്യക്ഷമമായി തുടരുന്നതിന്റെ ഭാഗമായി വയനാട്, പാലക്കാട്, മലപ്പുറം ജില്ലകളിലായി മെന്റർ ടീച്ചർ തസ്തികകളിലേക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് ഔദ്യോഗിക വിജ്ഞാപനം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**(ബി)** പിരിച്ചുവിട്ട പ്രായോഗിക പരിചയമുള്ളവരും പരിചയ സമ്പന്നരുമായ മെന്റർമാരെ പുനർ നിയമിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>മറുപടി:</u>** 2026-27 അധ്യയന വർഷത്തേക്ക് 326 മെന്റർ ടീച്ചർമാരെ നിയമിക്കുന്നതിനുള്ള പുതിയ വിജ്ഞാപനം പട്ടികവർഗ്ഗ വികസന വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ളവരും മുൻ വർഷങ്ങളിൽ സേവനമനുഷ്ഠിച്ചവരുമായ പരിചയസമ്പന്നരായ ഉദ്യോഗാർത്ഥികൾക്കും ഈ പുതിയ വിജ്ഞാപന പ്രകാരം വീണ്ടും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

കൂടാതെ പണിയ, അടിയ, ഇരുളർ, മുഡുഗർ തുടങ്ങിയ ഗോത്രവിഭാഗങ്ങൾക്കും പ്രത്യേക ദുർബല ഗോത്രവിഭാഗങ്ങൾക്കും (PVTG) നിയമന പ്രക്രിയയിൽ പ്രത്യേക മുൻഗണന നൽകുന്നുണ്ട്. വിദ്യാർത്ഥികളുടെ പ്രാദേശിക ഭാഷ, ജീവിതസാഹചര്യം, സാംസ്കാരിക പശ്ചാത്തലം എന്നിവയുമായി ഏറ്റവും ഇഴുകിച്ചേർന്ന് പ്രവർത്തിക്കാൻ കഴിയുന്ന അനുയോജ്യരായ ഉദ്യോഗാർത്ഥികളെ കണ്ടെത്തുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.

**സെക്ഷൻ ഓഫീസർ**